**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട്

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി അദ്ധ്യക്ഷനുവേണ്ടി അംഗമായ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

2014 ജൂൺ 30-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, രാസവളങ്ങളുടെയും

കീടനാശിനികളുടെയും അമിത പ്രയോഗംമൂലം നമുക്കുണ്ടാകുന്ന രോഗങ്ങൾ ഏതൊക്കെ തരത്തിലാണെന്നുള്ളത് പറയാൻ കഴിയാത്തൊരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് നമ്മുടെ രാജ്യത്തും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനങ്ങളിലും ഉപയോഗിക്കുന്ന അമിതമായ കീടനാശിനികളുടെ ഉപയോഗം തന്നെയാണ്. നിയമസഭയിൽ 24.07.2015-ൽ ബഹുമാന്യനായ മന്ത്രി, പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ എല്ലാ ബ്രാന്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളിലും വിഷാംശം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങനെ കണ്ടെത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ഉത്തരമായി തന്നിട്ടുള്ളത്. ബ്രാന്റഡ് ആയിട്ടുള്ള ഭക്ഷ്യ ഉൾപ്പന്നങ്ങളിൽ മാത്രമല്ല, നമ്മുടെ കൃഷി രീതികളിൽതന്നെ കാര്യമായ മാറ്റമുണ്ടാകുന്നില്ലായെങ്കിൽ ഈ വിപത്തിൽനിന്ന് നമ്മുടെ രാജ്യത്തിന് മോചനം പ്രാപിക്കാൻ കഴിയാത്ത ഗുരുതരരായ സാഹചര്യങ്ങളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന

വർദ്ധനവുമാത്രം...... ഇപ്പോൾ കാൻസറുമായി ബന്ധപ്പെട്ട ഒരുപാട് പഠനങ്ങൾ നമ്മുടെ സംസ്ഥാനത്തും, രാജ്യത്താകമാനവും, ലോകത്താകമാനവും നടക്കുന്നുണ്ട്. എന്നാൽ അതിന്റെ ഒരു പെർസന്റേജ് നോക്കിയാൽ കാൻസർ രോഗികളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഒരു പ്രധാന കാരണമെന്നുപറയുന്നത്, അധികമായിട്ടുള്ള കീടനാശിനികളുടെ ഉപയോഗം തന്നെയാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗംമൂലം ഇന്ന് മനുഷ്യന് ധൈര്യമായി ഒരു സാലഡ്പോലും കഴിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഏതാണ്ട് മറ്റ് രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി നമ്മുടെ രാജ്യത്ത് 250-ൽ അധികം പെസ്റ്റിസൈഡ്സ് ഉപയോഗിക്കുന്നുണ്ട്. ഇതൊന്നും നമ്മുടെ രാജ്യത്തെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുകയോ, വിപണനം ചെയ്യുന്നവയുമോ അല്ല. മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെടുന്ന പെസ്റ്റിസൈഡ്സ് ആണ് നമ്മുടെ രാജ്യത്ത് കൂടുതലായി ഉപയോഗിക്കപ്പെടുന്നത് എന്ന വസ്തുത ഈ അവസരത്തിൽ വളരെ ശ്രദ്ധേയമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്.

അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഒരു പുനർചിന്ത ഉണ്ടാകണം. നിയമം കർശനമായി നടപ്പാക്കണം എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. നമുക്കുള്ള സംവിധാനങ്ങൾ ഈ കാര്യങ്ങൾ പരിശോധിക്കുന്നതിന് വേണ്ടത്ര തൃപ്തികരമല്ല എന്ന പരിമിതി നമ്മുടെ മുൻപിലുണ്ട്. നിയമം ഉണ്ടെങ്കിൽപോലും ആ നിയമം നടപ്പിലാക്കുന്നതിലുണ്ടാകുന്ന വീഴ്ച, യഥാസമയങ്ങളിൽ ഈ കാര്യങ്ങൾ പരിശോധിക്കാൻ കഴിയാതെ പോകുന്നതിന്റെ പരിമിതികൾ, നമ്മുടെ ലാബ് സംവിധാനങ്ങളിലുള്ള അപര്യാപ്തത, ലാബുകളെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട് എന്നുപറയുമ്പോഴും ഈ പറച്ചിൽ ഏതാണ്ട് വർഷങ്ങളായി ആവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ട്. മെച്ചപ്പെട്ട സംവിധാനങ്ങളിലേയ്ക്ക് നമുക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. ഈ നിയമം നടപ്പിലാക്കുന്നു എന്നകാര്യം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ നമുക്ക് വേണ്ടത്രയില്ല എന്നുള്ളതും ഈ കാര്യങ്ങളിലുള്ള പൊതുസമൂഹത്തിന്റെ അജ്ഞതയുമൊക്കെ ഇതിനുകാരണങ്ങളാണ്. മാഗി തന്നെ നിരോധിക്കുന്ന ഒരു ഘട്ടത്തിലേയ്ക്ക് എത്തിയപ്പോഴാണ് മാഗിയിൽ

മനുഷ്യസമൂഹത്തിന് എത്രമാത്രം ഹാനികരമായ വിഷാംശം ഇതിലടങ്ങിയിരിക്കുന്നു എന്നുപറയുന്നത് പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് വരുന്നത്. ഇപ്പോൾ ഓരോ ബ്രാൻഡ് ഐറ്റവുമായി ബന്ധപ്പെട്ട് നമ്മുടെ മുൻപിലേയ്ക്ക് എത്തിച്ചേരുന്ന വിവരങ്ങൾ ദൈനംദിനം നമ്മെ ഞെട്ടിക്കുന്നു. ഏതെങ്കിലുമൊരു ഭക്ഷണം, പാലുപോലും ധൈര്യമായി നമുക്ക് കഴിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നത് എന്നുള്ളതുകൊണ്ട് ഈ രാസവളങ്ങളുടെയും കീടനാശിനുകളുടെയും അമിത പ്രയോഗവുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് അന്താരാഷ്ട്ര തലത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ള പെസ്റ്റിസൈഡ്സിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഗൗരവതരമായ ഒരു സമീപനം സംസ്ഥാന സർക്കാരിന് ഉണ്ടാകണം. രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗത്തിൽ അടിയന്തരമായ നിയന്ത്രണം സംസ്ഥാന സർക്കാർ കൊണ്ടുവരണം. അതോടൊപ്പംതന്നെ ഭക്ഷണപദാർത്ഥങ്ങളിലെ മായംചേർക്കലുമായി ബന്ധപ്പെട്ട് കർശന നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നതടക്കമാണ് ഈ പ്രമേയത്തിന്റെ ഭാഗമായി വളരെ

ഗൗരവതരമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇല്ലെങ്കിൽ ഇത് മനുഷ്യ സമൂഹത്തെതന്നെ ഇല്ലായ്മ ചെയ്യുന്ന, മണ്ണിനേയും അതോടൊപ്പംതന്നെ ജീവജാലങ്ങളേയും വിഷലിപ്തമാക്കുന്ന ഒരു മാരകവിപത്തായി മാറും. ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയം പാസ്സാക്കണം എന്നുള്ളതാണ് അഭ്യർത്ഥന. ഇതുമായി ബന്ധപ്പെട്ട് രണ്ട് ഭേദഗതികളാണ് വന്നിട്ടുള്ളത്. ആ ഭേദഗതികൾ നമുക്ക് സ്വീകരിക്കാവുന്ന ഭേദഗതികളാണ്. ആരെയെങ്കിലും കുറ്റപ്പെടുത്തുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയല്ല ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. പൊതുസമൂഹത്തിന്റെയും വരാൻ പോകുന്ന നമ്മുടെ തലമുറകളുടെയും നിലനിൽപ്പുമായി ബന്ധപ്പെട്ട് ജാഗ്രതയോടുകൂടി, ഒരു ദീർഘവീക്ഷണത്തോടുകൂടി അവതരിപ്പിക്കപ്പെട്ട പ്രമേയം എന്നുള്ള നിലയിൽ ഇത് പാസ്സാക്കിത്തരണം എന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ബെന്നി ബഹനാൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. " നിയമം നടപ്പാക്കുന്നതിലുള്ള പരാജയവും" എന്നീ വാക്കുകൾ ഒഴിവാക്കുകയും " അജ്ഞതയും" എന്ന വാക്കിനു പകരം " അജ്ഞത" എന്ന

വാക്ക് ചേർക്കുകയും ചെയ്യുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ, നമ്മുടെ മേൽമണ്ണ് പൂർണ്ണമായും അതിന്റെ ഗുണം നഷ്ടപ്പെട്ടിരിക്കുകയാണ്. അമിതമായ തോതിലുള്ള യൂറിയയുടെ ഉപയോഗം അതിന് ഒരു പ്രധാന ഘടകമായിരിക്കുന്നു. ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ച ഈ സംസ്ഥാനത്ത് നമുക്ക് ആവശ്യമുള്ള ജൈവ വളങ്ങൾ ലഭിക്കുന്നില്ല, അതിന്റെ ഗുണം പരിശോധിക്കാനുള്ള സംവിധാനങ്ങളുമില്ല. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഇവിടേക്ക് ഇപ്പോൾ ജൈവ വളങ്ങൾ എന്നു പറഞ്ഞ് വളം വരുന്നുണ്ട്. അതോടൊപ്പം ഇങ്ങനെയൊരു പ്രഖ്യാപനം നടത്തിയ സംസ്ഥാനത്ത് നാളീകേര വികസന ബോർഡ് നൽകുന്നത് രാസവളമാണ്. നമ്മൾ ആ മേഖലകളിലൊക്കെ പാരമ്പര്യമായി, എത്രയോ കാലങ്ങളായി ജൈവവളം മാത്രം ഉപയോഗിച്ച കൃഷിക്കാരന്, നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ സഹകരണ പ്രസ്ഥാനങ്ങൾക്ക്, നാളീകേര വികസന ബോർഡ് നൽകുന്നത് രാസവളങ്ങളാണ്. അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. മലബാർ മേഖലയിൽ നിന്ന്

ഇങ്ങോട്ട് വരുന്ന തീവണ്ടികളിലൊക്കെ നോക്കിയാൽ കാൻസർ രോഗികളാണ്. ഞങ്ങൾ കുറച്ചുപേർ സ്ലീപ്പർ ക്ലാസ്സിൽ, എസ് 3 യിൽ യാത്ര ചെയ്യുന്നവരാണ്. മിക്കവാറും ആ കോച്ചിൽ 60 ശതമാനം പേരും കാൻസർ രോഗികളാണ്, തിരുവനന്തപുരത്തേക്ക് ചികിത്സയ്ക്ക് വേണ്ടിയാണ് വരുന്നത്. ആ കുടുംബം തന്നെ സാമ്പത്തികമായി പ്രതിസന്ധിയിൽപ്പെടുന്ന നിലയിലാണ് അതിന്റെ ചികിത്സ, അത് ആർ.സി.സി യിൽ ആകാം, സ്വകാര്യാശുപത്രിയിൽ ആകാം, എറണാകുളത്തെ ആശുപത്രിയിൽ ആകാം. അവരെ സംരക്ഷിക്കുവാനുള്ള ഒരു പദ്ധതിയുടെ ഭാഗമായി പൂർണ്ണമായ ഒരു ജൈവക്യഷിയിലേക്ക് കേരളം പോയില്ലെങ്കിൽ അതി ഭീകരമായ അവസ്ഥയിലേക്ക് നമ്മുടെ നാട് മാറും. ഉദാഹരണങ്ങൾ എടുത്ത് പരിശോധിച്ചാൽ വിദേശത്തേയ്ക്ക് ചെറുപ്പത്തിലേ പോയി ജോലി സ്വീകരിച്ചവരിൽ പരിശോധന നടത്തുമ്പോൾ അവരിൽ ക്യാൻസർ രോഗം വരുന്നില്ല എന്നു കാണുന്നത് നമുക്ക് ഒരു ഗുണപാഠമായി സ്വീകരിക്കേണ്ടതാണ്. അവിടെ അവർ ഉപയോഗിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുന്നു എന്നതിന്റെ കാരണമായി നമുക്ക് അത് കാണാൻ കഴിയും, അത് മാറ്റിയെടുക്കേണ്ടതുണ്ട്. നമ്മൾ

ഇതുവരെ രാസവളങ്ങളോ, ജൈവ വളങ്ങളോ ഉപയോഗിക്കാത്ത ഒരു കൃഷിയാണ് ചക്ക. മാതൃഭൂമി ദിനപത്രം അത് ഒരു സീരിയലായി, കുറേ ദിവസങ്ങളായി എഴുതിക്കൊണ്ടിരിക്കുകയാണ്. കാൻസർ രോഗത്തെ തടയാൻ ഉള്ള കഴിവുകൂടി അതിനുണ്ട്, ആ നിലയിൽ തീർച്ചയായും വളരെ ഗൗരവപൂർവ്വം പരിഗണിച്ചുകൊണ്ട് നിയമസഭ ഇത്തരമൊരു പ്രമേയം പാസ്സാക്കിത്തരണമെന്ന് ഞാനും ആവശ്യപ്പെടുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സാർ, ഇന്നലെ ഞാൻ മായം ചേർക്കലിനെതിരെ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിരുന്നു, അതുകൊണ്ട് മായം ചേർക്കലിനെതിരെ കടക്കുന്നില്ല. മലയാളികളെ കുറേക്കാലമായി ഒരു ഉപഭോക്തൃ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കൃഷി ശാസ്ത്രജ്ഞൻമാർ വീടുകളിലൂടെ നടന്ന് കൃഷിക്കാരെ പ്രേരിപ്പിച്ചാണ് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങളും, രാസവളവും, കീടനാശിനിയും അടിച്ചേൽപ്പിച്ചത്. മലയുടെ മുകളിലേക്ക് കല്ല് ഉരുട്ടിക്കയറ്റി അത് താഴേക്ക് ഉരുട്ടിവിട്ട് കൈകൊട്ടി ചിരിച്ചിരുന്ന നാറാണത്തുഭ്രാന്തന്റെ ജോലിയാണ് ഇന്ന് നമ്മുടെ ശാസ്ത്രജ്ഞൻമാർ ചെയ്യുന്നത്. അവരാണ് പറയുന്നത് ഇപ്പോൾ ഈ ജൈവകൃഷിയാണ് നല്ലത്

കീടനാശിനിയും, രാസവളമൊന്നും വേണ്ട എന്ന്. അത് സ്വഗതാർഹമാണ്. ചക്കയിൽ കീടനാശിനി ഇല്ലാ എന്നാണ് നമ്മൾ കരുതിയിരുന്നത്, ഒരു മാസം മുൻപ് തമിഴ്നാട്ടിൽ ചക്കയ്ക്ക് പോലും കീടനാശിനി പ്രയോഗം നടത്തുന്നത് നമ്മൾ ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടു. എൻഡോസൾഫാൻ വഴി നമ്മുടെ രാജ്യത്തുണ്ടായ ദു:രന്തത്തിന് നമ്മളെല്ലാം സാക്ഷികളാണ്. നിരാശ്രയരും പാവങ്ങളുമായ അവരുടെ കദനകഥകൾ ആരുടേയും കരളലയിക്കുന്നതാണ്. ജൈവകൃഷിയിലേക്കുള്ള കുതിപ്പിന് സംസ്ഥാനത്ത് ഓർഗാനിക് അതോറിറ്റി രൂപീകരിക്കണമെന്നാണ് എനിയ്ക്ക് ആവശ്യപ്പെടാനുള്ള ഒരു കാര്യം. ജൈവ പച്ചക്കറി കടകളിൽ നമ്മുടെ ടീം പരിശോധന നടത്തിയപ്പോൾ കീടനാശിനി അതിലും കണ്ടുപിടിച്ചു. കുറുന്തോട്ടിക്കു വാതം വരുന്നതുപോലെ, ചങ്ങലയ്ക്ക് ഭ്രാന്ത് വരുന്നതുപോലെ, ജൈവ കടകളിലും കീടനാശിനി ഉപയോഗിക്കുന്നു എന്ന് വരുന്നത് കഷ്ടമാണ്. മല്ലിയിലയിൽ പ്രഫനോഫ്രോസ്, പടവലത്തിൽ സൈഹാലോത്രീൻ, ഫാൻപാലേറ്റ്, കറിവേപ്പിലയിൽ എത്തിയോൺ, കാരറ്റ്, ബീറ്റ്റൂട്ട്, വെണ്ടയ്ക്കാ എന്നിവയിൽ ക്ലോറിഫൈറിഫോസ്, മുരിങ്ങക്കായിൽ യൂനാൽഫോസ്, മണ്ണിനോടും

ഭക്ഷണത്തിനോടുമുള്ള നമ്മുടെ കാഴ്ചപ്പാട് വളരെയധികം തിരുത്തേണ്ടതാണ്. ഓരോ വർഷവും ഭക്ഷണജന്യമായ രോഗങ്ങളാൽ 20 ലക്ഷം പേർ മരിക്കുന്നുണ്ട്. സ്ലോ കില്ലിംഗ് ആണ് സത്യത്തിൽ നടക്കുന്നത്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഒരു മുദ്രാവാക്യം ഉണ്ട്, കൃഷിയിടം മുതൽ തീൻപാത്രം വരെ ഭക്ഷണം സുരക്ഷിതമാക്കുക. 'From farm to plate make food safe' അസറ്റലൈൻ എന്ന രാസവസ്തു ഉപയോഗിച്ച് പാകപ്പെടുത്തിയ മാമ്പഴം നമ്മുടെ രാജ്യത്ത് വ്യാപകമായി വിറ്റുകൊണ്ടിരിക്കുകയാണ്. നമ്മുടെ മുതലമടയിൽപ്പോലും, മാൻതോട്ടങ്ങളിൽ എൻഡോസൾഫാൻ അടിക്കുന്നതായി ആരോപണമുണ്ടായിരുന്നു. ഈ രാസവസ്തു ഉള്ളിൽ ചെന്നാൽ ദഹനക്കേടും, എല്ലാ രോഗങ്ങളുമുണ്ടാകുന്നുണ്ട്. തമിഴ്നാട്ടിലെ ഒട്ടംചത്രം, ഊട്ടി, കോയമ്പത്തൂർ, പൊള്ളാച്ചി, നാഗർകോവിൽ എന്നിവിടങ്ങളിൽ നിന്നായി 2480 ടൺ പച്ചക്കറി പ്രതിദിനം കേരളത്തിൽ എത്തുന്നുണ്ട്. ഇവയെല്ലാം പരിശോധിക്കാനുള്ള ലാബുകളുടെ അപര്യാപ്തത വളരെ വലുതാണ്. മനുഷ്യാവകാശ കമ്മീഷൻ ഇതിനാവശ്യമായ ലാബുകൾ സ്ഥാപിക്കണമെന്ന് എന്നോ പറഞ്ഞതാണ്. മരിക്കുന്ന മണ്ണിനേയും, ക്ഷയിക്കുന്ന കൃഷിയേയും നേർവഴിക്ക് കൊണ്ടുവരാൻ നമുക്ക്

കഴിയണം. ജൈവകൃഷി പ്രസ്ഥാനങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ ഇന്റർ നാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റ് ജൈവകൃഷിക്ക് നൽകുന്ന നിർവചനം വളരെ പ്രസക്തമാണ്. മണ്ണിന്റേയും, മനുഷ്യന്റേയും, ആവാസവ്യവസ്ഥയുടേയും ആരോഗ്യം സുസ്ഥിരമായി നിലനിർത്തുന്ന ഉൽപ്പാദന ക്രമമാണ് ജൈവകൃഷി. മണ്ണിന്റെ രാസ, ഭൗതിക മാറ്റം, വളത്തിന്റെ ആവശ്യം, വിള പരിക്രമ വ്യവസ്ഥ, നാഗരീകതയുടെ കടന്നു വരവ്, മണ്ണിലും കൃഷിയിലും വരുത്തുന്ന മാറ്റങ്ങൾ എന്നിവ പരിശോധിക്കാൻ ഗവേഷണ സ്ഥാപനങ്ങൾ ഇനിയും നമ്മുടെ രാജ്യത്ത് ആവശ്യമാണ്. ആസൂത്രണത്തിൽ അധിഷ്ഠിതമായ ഒരു ജൈവകൃഷിനയം ഇനിയും നമുക്ക് ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇത് വളരെ ഭീകരമായ ഒരവസ്ഥയാണ് നമ്മുടെ രാജ്യത്ത് ഉണ്ടാക്കി തീർത്തിരിക്കുന്നത്, ഇതിൽ ഗൗരവമായി ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം അത് ചെയ്യില്ലെങ്കിൽ വിനാശകരമായ പ്രത്യാഘാതങ്ങളാണ് നമ്മളെ കാത്തിരിക്കുന്നത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പല കാര്യങ്ങളും ഇന്നലെ പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു.

ശ്രീ. കെ. ദാസൻ: സാർ, വളരെ കാലിക പ്രസക്തിയുള്ള ഒരു പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചത്. ശ്രീനിവാസൻ തിരക്കഥ എഴുതിയിട്ടുള്ള നാടോടിക്കാറ്റ് എന്ന സിനിമയിൽ ശ്രീനിവാസൻ അവതരിപ്പിക്കുന്ന ഒരു കഥാപാത്രമുണ്ട്. അതിലെ കഥാപാത്രം പറയുന്നത് 'ദാസാ എല്ലാത്തിനും ഒരു സമയമുണ്ട്' എന്നാണ്. എല്ലാത്തിനും ഒരു സമയമുണ്ട് എന്നു പറഞ്ഞതുപോലെ, മാഗി എന്നു പറഞ്ഞ ഭക്ഷ്യ വസ്തു രാജ്യവ്യാപകമായി നിരോധനം ഏർപ്പെടുത്തിയതിനു ശേഷമാണ്, ഈ രാജ്യത്തും, കേരളത്തിലുമെല്ലാം ഇതു സംബന്ധിച്ച് ഗൗരവപൂർണ്ണമായ ഒരു ചർച്ചയ്ക്ക് വിധേയമായിട്ടുള്ളത്. അതാണ് ഞാൻ പറഞ്ഞത്, എല്ലാറ്റിനും ഒരു സമയമുണ്ട് എന്ന് പറഞ്ഞത്, ഈ സമയം ഇവിടെ ഒത്തു വന്നിട്ടുണ്ട്. ഏതായാലും നല്ല ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ജനങ്ങൾ ഏറെക്കാലമായി ആഗ്രഹിക്കുന്ന ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ജനങ്ങൾക്ക് നേരത്തേ ആശങ്കയുണ്ട്, വിശദമായ പരിശോധനക്ക് ഒന്നും നമ്മുടെ മുൻപിൽ വന്നില്ല എന്നതാണ്. യഥാർത്ഥത്തിൽ കേരളത്തെ സംബന്ധിച്ച് പഴങ്ങളും, പച്ചക്കറികളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാണ്, നമ്മുടെ ചെക്ക് പോസ്റ്റുകളിൽ കർശനമായിട്ടുള്ള

പരിശോധനയോ, കാര്യങ്ങളോ അവിടെ നടക്കുന്നില്ല. കർണ്ണാടകയിൽ നിന്ന് പച്ചക്കറികൾ മലബാർ ഭാഗത്ത് ജീപ്പിലാണ് കൊണ്ടുവരുന്നത്. മുത്തങ്ങ ചെക്ക്പോസ്റ്റിൽ പരിശോധന നടക്കുന്നില്ല എന്നു തന്നെ പറയാം. അവിടെ നിന്ന് വിഷാംശം കലർന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ മലബാർ പ്രദേശത്ത് വ്യാപകമായി കൊണ്ടുവരുന്നു, അത് മനുഷ്യരെ രോഗികളാക്കി മാറ്റുന്ന സ്ഥിതിയാണ് ഉണ്ടാകുന്നത്. ഭക്ഷ്യ പദാർത്ഥങ്ങൾ അതിന്റെ ഗുണ പരിശോധനാ സംവിധാനം, ഒരു സ്ഥിരമായ സംവിധാനമുണ്ടാക്കുന്നതിൽ നമ്മുടെ ഗവൺമെന്റ് പരാജയപ്പെട്ടിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ഒട്ടേറെ ഭക്ഷ്യ പദാർത്ഥങ്ങൾ ഇന്ന് പായ്ക്കറ്റു ചെയ്ത് കമ്പോളങ്ങളിലും, കടകളിലും കൊണ്ടുവരുന്നു. ഇതിനെതിരായ ഒരു ബോധവൽക്കരണം, ഒരു അവബോധം ജനങ്ങളിൽ എത്തിക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ? ഒരു അവയർനെസ്സ് ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകുന്നുണ്ടോ? ഒരു ബോധവൽക്കരണ പരിപാടി എന്നു പറയുന്നത്, കേരളം സാക്ഷരത കൈവരിച്ചത് എങ്ങനെയാണ്. സാക്ഷരതാ പ്രവർത്തനത്തിന് വലിയൊരു ക്യാമ്പെയിൻ ആണ്,

ജന ഹൃദയങ്ങളിലേക്ക് അത് ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണം വന്നപ്പോൾ വലിയ ക്യാമ്പൈൻ ആണ് നടന്നത്, പക്ഷേ ഇത്രയും ആശങ്ക നിലനിൽക്കുന്ന ഒരു കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാൻ ആവശ്യമായിട്ടുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നാണ്. യഥാർത്ഥത്തിൽ ഇപ്പോൾ കാർഷിക സർവ്വകലാശാലയിലെ ലാബിൽ പരിശോധന നടത്തിയപ്പോൾ, മാരകമായ വിഷാംശം കണ്ടത് വാറൽ മുളകിൽ, മുളകു പൊടിയിൽ, ജീരകത്തിൽ, മല്ലിയിൽ, അച്ചാർപൊടിയിൽ, കറിമസാലകളിൽ, സാമ്പാർ പൊടിയിൽ എല്ലാം രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ട് എന്നാണ്. എൻഡോസൾഫാന്റെ അംശങ്ങൾ ഭക്ഷ്യസാധനങ്ങളിലുണ്ട് എന്നത് അവരാണ് പരിശോധിച്ച് കണ്ടെത്തിയത്. കൃഷി വകുപ്പിന്റെ സൂപ്പർ, ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച പലവ്യജ്ഞനങ്ങളിൽ ആണ് വിഷാംശം കലർന്ന് എത്തിയിരിക്കുന്നതെന്ന് ഇപ്പോൾ മാത്രമാണ് ഗവേഷണത്തിലൂടെ കണ്ടെത്തിയിരിക്കുന്നത്. അത് കാർഷിക സർവ്വകലാശാലയാണ് കണ്ടെത്തിയത്. നമ്മുടെ സർക്കാർ സംവിധാനങ്ങളിലടക്കം വിഷാംശം കലർന്നിട്ടുള്ള ഭക്ഷ്യസാധനങ്ങൾ ഉണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി നടത്തിയ പരിശോധനയിൽ പല സ്ഥലത്തുനിന്നും പിടിച്ചെടുത്ത പച്ചക്കറികളിൽ മായം ചേർത്തിരുന്നു. പക്ഷേ കൃഷി വകുപ്പിന്റെ സ്റ്റാളുകളിൽ മായം ഇല്ല.

ശ്രീ. കെ. ദാസൻ: കേരളത്തിലെ പൊതു വിതരണ സംമ്പ്രദായങ്ങളിലെല്ലാം ഇത് വ്യാപകമാകുന്നുവെന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ ഉള്ളടക്കം. ഏതായാലും തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന നിലവാരം കുറഞ്ഞ അരി കേരളത്തിലെത്തുമ്പോൾ കേരളത്തിലെ ഗവൺമെന്റ് ഒരു ശരിയായ നിലപാട് സ്വീകരിക്കുന്നില്ലായെന്ന ഒരു വിമർശനമെനിക്കുണ്ട്. കുത്തക കച്ചവടക്കാരും സ്ഥാപിതതാൽപര്യക്കാരും അവരെല്ലാമാണ് അവിടെ നിന്നും അരി സംഭരിച്ച് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത്. ഇങ്ങനെ കൊണ്ടുവരുന്ന അരിയുടെ ശരിയായ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി ആവശ്യമായ എന്തെങ്കിലും ഗുണപരിശോധനാ സംവിധാനം കേരളത്തിലുണ്ടോ? ഇല്ലായെന്നാണ് എനിക്ക് തോന്നുന്നത്. ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള മറുപടി പറഞ്ഞാലെ

മനസ്സിലാകൂ. ഏതായാലും അരി ലോബി വളരെ സജീവമാണ്. ഈ കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിഞ്ഞതിനാൽ ഭക്ഷ്യ വകുപ്പിന് കൂടുതൽ അധികാരം നൽകണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം പരിശോധനാസംവിധാനങ്ങളാണ് ഇന്നത്തെ ഏറ്റവും വലിയ പോരായ്മ. ആ പരിശോധനാ സംവിധാനങ്ങളിലൂടെ ആ പോരായ്മ പരിഹരിക്കാൻ കഴിഞ്ഞാൽമാത്രമെ ഇതിന് ഒരു പരിഹാമാകുകയുള്ളൂ. നമുക്ക് സ്വന്തമായി ഒരു പരിശോധനാ സംവിധാനമില്ലായെന്നതാണ് ഒരു വിഷയം. സ്വന്തമായി ഒരു സംവിധാനമുണ്ടാക്കാനായി അതിന് വേണ്ടുന്ന ഭൗതി സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണം. അത് ഇല്ലാത്തതാണ് ഏറ്റവും വലിയ പോരായ്മായായി ഉന്നയിക്കാനുള്ളത്. അതുപോലെ കാൻസറിന് കാരണമാകുന്ന, ലോകാരോഗ്യ സംഘടന കണ്ടെത്തിയിട്ടുള്ള കാര്യങ്ങൾ.. ഇപ്പോൾ ഗവേഷണ വിഭാഗം തന്നെ കണ്ടെത്തിയിട്ടുണ്ട്. അഞ്ചിനം രാസ കീടനാശിനികൾ സംസ്ഥാനത്തുണ്ട് എന്നാണ്. അതിൽ എൻഡോസൾഫാൻ മാത്രമല്ല, അല്ലാതെയുള്ള അഞ്ചോളം കീടനാശിനികൾ വേറെയുമുണ്ട്. അതിന്റെ പേര്

ഞാൻ വായിക്കുന്നില്ല. കൃഷി വകുപ്പ് ഇതുസംബന്ധിച്ച് ചില പഠനങ്ങളൊക്കെ നടത്തിയിട്ടുണ്ടെങ്കിലും ഇത് വളരെ ഗൗരവതരമായി ഇനിയും പഠന വിധേയമാക്കേണ്ടതായിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ കീടനാശിനികൾ തലേന്ന് തളിക്കുന്ന സംവിധാനം ഇതെല്ലാം കണ്ടുപിടിച്ച് അടിയന്തരമായി ജനങ്ങളെ രക്ഷിക്കണമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ആരോഗ്യമാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്തെന്ന് പറയുന്നത്. അമിത വണ്ണം അതുപോലെതന്നെ മാരക രോഗങ്ങൾ ഇതൊക്കെ മാറുന്നതിന് വേണ്ടി നോൺ വെജറ്റേറിയനിൽ നിന്ന് വെജിറ്റേറിയനിലേയ്ക്ക് പോകണമെന്നാണ് എല്ലാപേരും ആഗ്രഹിക്കുന്നത്. പ്രഷർ, ഷുഗർ ഇവയെല്ലാം നോർമലാണെങ്കിൽ ദിവസവും രാവിലെ ശുദ്ധമായ നാലോ അഞ്ചോ ഗ്ലാസ് വെള്ളം കുടിച്ചാൽ ആരോഗ്യം വളരെ നന്നായിക്കിട്ടും. പക്ഷെ ക്വാളിഫോം ബാക്ടീരിയ ഇല്ലാത്ത വെള്ളം കിട്ടാനില്ലയെന്നതാണ് വസ്തുത. വെറും വയറ്റിൽ കീടനാശിനി പ്രയോഗമില്ലാത്ത നല്ല ഫ്രൂട്ട്സ് കഴിക്കുന്നത് നല്ലതാണ്. പക്ഷേ അങ്ങനെയുള്ള

ഫ്രൂട്ട്സും കിട്ടാനില്ല. ഇപ്പോൾ അധികമാളുകളും രാവിലെ വെറുംവയറ്റിൽ കാപ്പി കുടിക്കാറുണ്ട്. കാരണമെന്തെന്നാൽ കാപ്പിക്ക് നേരിട്ട് കീടനാശിനി പ്രയോഗം നടത്തുന്നില്ല. കാപ്പിക്കുരു പഴുക്കുമ്പോൾ അത് പറിച്ചെടുത്ത് വറുത്ത് ഉണക്കി പൊടിയാക്കുന്നതുകൊണ്ട് വെറും വയറ്റിൽ കുടിക്കാൻ പറ്റുന്ന ഒരു പാനീയമാണ് കാപ്പി. എന്നാൽ തേയിലയ്ക്ക് നേരിട്ട് കീടനാശിനികൾ ഉപയോഗിക്കുന്നതുവഴി രാസപ്രയോഗം നടക്കുകയാണ്. തേയിലയ്ക്ക് മരുന്നടിക്കുന്നതുപോലെ കാപ്പിക്ക് മരുന്നടിക്കാനും കഴിയില്ല. അതുകൊണ്ടാണ് തേയിലയെ അപേക്ഷിച്ച് കാപ്പി വളരെ ശുദ്ധമാണെന്ന് പറയുന്നത്. ഒരാൾ രാവിലെ എണീറ്റ് അൽപം കറിവേപ്പില കഴിച്ച് പെട്ടെന്ന് ബോധംകെട്ടുവീണു. ആശുപത്രിയിലാക്കി രണ്ട് മണിക്കൂർ കഴിഞ്ഞ് ബോധം തെളിഞ്ഞ് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് സിനിമാനടൻ മമ്മൂട്ടി അറുപതു വയസ്സ് കഴിഞ്ഞിട്ടും സൗന്ദര്യം നഷ്ടപ്പെടാത്തതിന്റെ കാരണം അദ്ദേഹം സ്ഥിരമായി രാവിലെ കറിവേപ്പില കഴിക്കുന്നതിനാലാണെന്ന് ഒരു മാഗസ്സിനിൽ വാർത്തവന്നതനുസരിച്ച് ഈ പയ്യൻ പിറ്റേന്ന് രാവിലെ അതൊന്ന് പരീക്ഷിച്ചതുകാരണം മൂന്ന് മണിക്കൂർ കഴിഞ്ഞാണ് ആ പയ്യന്റെ ബോധം തെളിഞ്ഞത്. കറിവേപ്പിലയിൽ ഉപയോഗിക്കുന്ന കീടനാശിനിപോലും വളരെ

മാരകമാണ്. മലയാള മനോരമ ദിനപ്പത്രം ഇതിന്റെ ദോഷഫലങ്ങളെപ്പറ്റി നേരത്തെ ഒരു പരമ്പരയായി എഴുതിയിരുന്നു. മാതൃഭൂമി ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുകയാണ്. ആപ്പിൾ വാങ്ങി നഖം കൊണ്ടൊന്ന് ക്വാറിനോക്കിയാൽ അറിയാം മെഴുകില്ലെങ്കിൽ മാത്രമെ അത് ഒറിജിനലെന്ന് വിലയിരുത്താനാവൂ. ഈച്ച പറക്കാത്ത പച്ചക്കറിയോ ഫ്രൂട്ട്സോ വാങ്ങാൻ കഴിയുമോ കാരണം കീടനാശിനിയുടെ പ്രയോഗമുണ്ടെങ്കിൽ ഈച്ച കാണുകയില്ല. ഇപ്പോൾ മെലിഞ്ഞ പഴമാണ് എല്ലാപേരും വാങ്ങുന്നത് കാരണം രാസവളപ്രയോഗമില്ലാത്തത് മെലിഞ്ഞ പഴത്തിലായിരിക്കും. മൊത്തത്തിൽ നോക്കിയാൽ കഴിക്കുന്ന എല്ലാ ഭക്ഷ്യ വസ്തുക്കളിലും മാരകമായ രാസ വസ്തുക്കൾ പ്രയോഗിക്കുന്നുവെന്ന് മനസ്സിലാകും. അതുകൊണ്ട് പച്ചക്കറി കഴിക്കണമെന്നാഗ്രഹിക്കുന്നവർ പോലും പച്ചക്കറി ഒഴിവാക്കി രാസപ്രയോഗമില്ലാത്ത മാംസാഹാര ഉപയോഗത്തിലേയ്ക്ക് പോകുന്ന ഒരു ഗതികേടിലെത്തിയിരിക്കുകയാണ്. ഈ അടുത്ത കാലത്ത് ഗവൺമെന്റ് വ്യാപകമായ പരിശോധനകൾ നടത്തിയപ്പോൾ ഫലപ്രദമായിട്ടുണ്ട്. പരിശോധനകളിൽ മാരകമായ രാസപ്രയോഗങ്ങൾ ഈ ഭക്ഷ്യ വസ്തുക്കളിൽ നടത്തിയിട്ടുണ്ടെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ്

വളരെ ശക്തമായ നടപടി ഈ കാര്യത്തിൽ സ്വീകരിച്ച് ഇപ്പോൾ നടക്കുന്ന നടപടികളുമായി തുടർന്നും മുമ്പോട്ട് പോകണമെന്നും അങ്ങനെ ഈ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് രാസപ്രയോഗമില്ലാത്ത നല്ല പച്ചക്കറികളും ഫ്രൂട്ട്സും ജനങ്ങളിൽ എത്തിക്കുന്നതിന് ഇപ്പോൾ കൃഷിവകുപ്പും ആരോഗ്യവകുപ്പുകളും ആവിഷകരിച്ച പദ്ധതികൾ ഒന്നുകൂടി ശക്തമായി മുന്നോട്ടുകൊണ്ടു പോകുന്നതിനും ജനങ്ങളുടെ ആരോഗ്യം പൂർണ്ണമായും സംരക്ഷിക്കുന്നതിന് ഉതകുന്ന തീരുമാനം ഉണ്ടാകാൻ ഈ പ്രമേയം അവതരിപ്പിച്ചത് ഏറ്റവും നന്നായി എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഇന്നത്തെ പത്രത്തിൽതന്നെ വന്ന വാർത്ത തമിഴ്നാട്ടിൽ നിന്നും പച്ചക്കറികൾ യാതൊരു നിയന്ത്രണവുമില്ലാതെ കേരളത്തിൽ കൊണ്ടുവരാൻ അനുമതിയായെന്ന് പറയുന്നു. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. കാൻസർ ഉണ്ടാകുന്നത് പുകവലികൊണ്ടാണെന്ന് പറഞ്ഞ് 99 ശതമാനം ആളുകളും പുകവലി നിർത്തി. ഞങ്ങളുടെ നാട്ടിലെ കുടിവെള്ളം CWRDM പരിശോധിച്ചപ്പോൾ വെള്ളത്തിൽ വലിയ അപകടമില്ല. ആകെയുള്ള അപകടം പച്ചക്കറിയിലാണ്. സാധാരണഗതിയിൽ കൃഷിവകുപ്പ് നടത്തിവരുന്ന ചർച്ചകൾ

കൊണ്ടൊന്നും ഇതിനൊരു പരിഹാരം കാണാൻ സാധിക്കില്ല. ബഹുമാനപ്പെട്ട കെ. ദാസൻ പറഞ്ഞതുപോലെ കൃഷിവകുപ്പിന് അതിശക്തമായ നടപടി, ജനകീയാസൂത്രണംവഴി നടത്തിയതുപോലെ ഒരു മൂവ്മെന്റ് ഇതിനെ നേരിടുന്നതിനായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കുമോ ജനങ്ങളെ രക്ഷിക്കാൻ.

ഡോ. എൻ. ജയരാജ്: സർ, വളരെ സമകാലീന പ്രസക്തിയുള്ള ഒരു വിഷയമാണ് ഇവിടെ പ്രമേയമായിട്ട് കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സമൂഹം നിയമനിർമ്മാണത്തിനപ്പുറത്ത് അതിന്റെ കാഴ്ചപ്പാടുകൾ മാറാതെ ഇത്തരം വിഷയങ്ങളിൽ പൂർണ്ണമായ പ്രയോജനമുണ്ടാവുകയില്ല. പൊറോട്ട മലയാളികളുടെ ദേശീയ ഭക്ഷണമായിട്ട് അംഗീകരിക്കുന്ന ഈ കാലഘട്ടത്തിൽ, പണ്ടൊക്കെ നമ്മുടെ നാട്ടിൻപുറങ്ങളിലെങ്കിലും നല്ല ഭക്ഷ്യ വസ്തുക്കൾ കിട്ടുമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ രീതിയിൽ നിന്ന് മലയാളികളുടെ ഭക്ഷണ ശീലങ്ങളിലുണ്ടായ മാറ്റങ്ങൾ തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അടുത്ത കാലത്ത് 'മാഗി' പോലെയുള്ള ഒട്ടനവധി ഭക്ഷ്യവസ്തുക്കൾ രാസവസ്തുക്കളുടെ

ഉപയോഗം കാരണം സമൂഹത്തിൽ നിന്ന് പിൻവലിക്കേണ്ടതായിവന്നിട്ടുണ്ട്. അതുപോലുള്ള നിരവധി ഭക്ഷ്യവസ്തുക്കൾ ഇപ്പോഴും നിലവിലുണ്ട് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം വളരെ വ്യക്തമായ ഒരു നിയമനിർമ്മാണം ഈ കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങളൊക്കെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. പക്ഷേ ഇതിന് ശക്തമായ നടപടികളുമായാണ് പഞ്ചായത്തും കൃഷിവകുപ്പും ആരോഗ്യവകുപ്പുമായി ചേർന്ന് മുന്നോട്ട് പോകുന്നത്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അന്യ സംസ്ഥാനത്തുനിന്ന് വരുന്ന പച്ചക്കറികൾ പരിശോധിക്കണമെന്നുള്ളതുതന്നെയാണ്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിഭവന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്നുണ്ട്. ഇങ്ങനെയുള്ള നടപികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. വളരെ നല്ല രീതിയിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ബോധവൽക്കരണത്തെക്കുറിച്ച്

പറയുകയാണെങ്കിൽ കാൻസർ പോലുള്ള അസുഖങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നതിനാൽ എല്ലാവരും ഇപ്പോൾ അതിനെക്കുറിച്ച് ബോധവാൻമാരായിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ഇവിടെ ചർച്ച നടന്നത്. ഗവൺമെന്റ് ഈ കാര്യത്തിൽ ഏറ്റവും ഫലപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് സമീപകാലത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മറ്റ് ഭക്ഷണ സാധനങ്ങളിലും കൂടുതൽ കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ കർശനമായ നടപടികൾ ഗവൺമെന്റ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്, തമിഴ്നാട്ടിൽ നിന്നും വാഹനങ്ങളിൽ പച്ചക്കറികൾ കൊണ്ടു വരുമ്പോൾ അത് എവിടെ നിന്നാണ് കൊണ്ട് വരുന്നതെന്നോ

എവിടെയ്ക്കാണ് കൊണ്ടുപോകുന്നതെന്നോ അറിയാൻ കഴിയുന്നില്ല. അറിയണമെങ്കിൽ ഇത്തരം കച്ചവട സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനോ ലൈസൻസോ വേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ പശ്ചാതലത്തിൽ കേരളത്തിലെ തട്ടുകടകൾ തുടങ്ങി ഉയർന്ന തലത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർ ഹോട്ടലുകൾ വരെയുള്ള എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനോ ലൈസൻസോ ഏർപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് ഒരു മാസം കൂടി സമയം കൊടുത്തിരിക്കുകയാണ്. ആഗസ്റ്റുമാസം നാലുവരെ കേന്ദ്ര ഗവൺമെന്റ് സമയം കൊടുത്തിട്ടുണ്ട്. ഈ രജിസ്ട്രേഷനും ലൈസൻസിംഗും പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇവർ ഏത് സ്ഥലത്തേക്ക് കൊണ്ടുവരുന്നു എന്നുള്ളത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഉടമയുടെ രജിസ്ട്രേഷന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഈ വാഹനത്തിൽ വരുന്ന ആളുകൾക്ക് നൽകി അത് പരിശോധിക്കാനുള്ള നടപടികൾ ആരംഭിക്കുകയാണ്. ഇപ്പോൾ സെയിൽ ടാക്സ് ഡിപ്പാർട്ടുമെന്റ് കഴിഞ്ഞ ഒരു മാസംകൊണ്ടുതന്നെ എല്ലാ ചെക്ക് പോസ്റ്റുകളിലും ഈ സാധനങ്ങൾ എവിടെ നിന്നുവരുന്നു, എവിടേയ്ക്ക് കൊണ്ടു പോകുന്നു, ആരാണ് ഇതിന്റെ ഓണർ എന്നുള്ളതിനെക്കുറിച്ചുള്ള രേഖകൾ ചെക്ക്പോസ്റ്റുകളിൽ ഇപ്പോൾ തന്നെ കൊടുത്തുകൊണ്ടിരിക്കുകയാണ്. രജിസ്ട്രേഷനും ലൈസൻസിംഗും പൂർത്തീകരിച്ചെങ്കിൽ മാത്രമേ നടപടികൾ

സ്വീകരിക്കാൻ കഴിയുകയുള്ളൂ. പരിശോധനയ്ക്കു പോകുന്ന ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന്മാരും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും അവർക്ക് ലൈസൻസ് ഉണ്ടോയെന്ന് പരിശോധിക്കുകയും രജിസ്ട്രേഷന്റെ കോപ്പി കച്ചവടക്കാരന്റെ കൈവശമുണ്ടോയെന്നും പരിശോധിക്കുന്നു. പരിശോധിച്ചതിനുശേഷമുള്ള നടപടികൾ നമ്മൾ സ്വീകരിക്കുകയാണ്. ഇന്നലെ വിശദമായി ഈ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഇവിടെ പരിശോധിക്കുന്നതിലേക്കുവേണ്ടിയുള്ള ലാബ് സൗകര്യങ്ങൾ ഇല്ലായിരുന്നു. പക്ഷേ, ഗവൺമെന്റ് ഈ കാര്യത്തിൽ ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളത്തും തിരുവനന്തപുരത്തും ഇതിനെ സംബന്ധിച്ചുള്ള ലാബുകൾ സ്ഥാപിച്ചു കഴിഞ്ഞു. സെപ്റ്റംബർ ഒന്നു മുതൽ ഡയറക്ടായി സർക്കാർ തലത്തിൽ തന്നെ ഈ അമിതമായ വിഷവസ്തുക്കൾ ഉപയോഗിക്കുന്നു എങ്കിൽ പരിശോധിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. അടുത്ത ഘട്ടത്തിൽ കോഴിക്കോട്ടും ഏർപ്പെടുത്തുകയാണ്. ഉദ്യോഗസ്ഥന്മാർക്ക് ട്രെയിനിംഗ് കൊടുത്തു കഴിഞ്ഞു. അതോടുകൂടി ഇതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും. ഈ ഗവൺമെന്റ് വന്നപ്പോൾ വളരെയധികം സ്റ്റാഫുകൾ കുറവായിരുന്നു. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ കുറവുണ്ടായിരുന്ന 57 പുതിയ പോസ്റ്റുകൾ

ക്രിയേറ്റ് ചെയ്തു. 80 ഉദ്യോഗസ്ഥന്മാർക്കുവേണ്ടി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു. ഡിസംബർ മാസത്തോടുകൂടി മുഴുവൻ സ്റ്റാഫുകളെയും നമുക്ക് നിയമിക്കാൻ കഴിയും. ഇവിടെ സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് ബോധവത്ക്കരണമില്ലെന്നുള്ളതാണ്. ഭക്ഷ്യ സുരക്ഷാ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മൂവായിരത്തോളം ബോധവത്ക്കരണ ക്ലാസ്സുകൾ കേരളത്തിൽ നടത്തി. എല്ലാ ജില്ലകളിലും നടത്തി. അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെയാണ് ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുപ്പിച്ചത്. അതുകൊണ്ട് ഒരു തൊഴിലാളിയെയെങ്കിലും ഒരു ഫുഡ് ബിസിനസ് നടത്തുന്ന സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ കാര്യങ്ങൾ മനസ്സിലാക്കി എന്നുള്ളതുകൊണ്ട് ബോധവത്ക്കരണ ക്യാമ്പുകളും നടത്തികൊണ്ട് മുന്നോട്ടു പോകുകയാണ്. ഈ രംഗത്ത് 2006 -ലെ ഭക്ഷ്യസുരക്ഷാ നിയമം വളരെ ഇഫക്ടീവായിട്ടുള്ള,... നേരത്തെ എടുത്ത ശിക്ഷാ നടപടികൾ ലഘുവായിരുന്നു. ഇപ്പോൾ 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമം ഈ ഗവൺമെന്റ് വന്നതിനുശേഷം 2011 മുതൽ വളരെ ഇഫക്ടീവായി കേരളത്തിൽ നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഇത് ഏകദേശം 4,400 ഓളം ഇതിനകംതന്നെ ഭക്ഷണസാധനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ചു. ഇതിന് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് മറ്റു സംസ്ഥാനങ്ങളുടെ സഹകരണം

ഇതിനാവശ്യമാണ്. മറ്റു സംസ്ഥാനങ്ങളുടെ സഹകരണം ആവശ്യമാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ടെ മതിയാകുകയുള്ളൂ. മുഖ്യമന്ത്രി ഇതിനായി ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ഇതിന് ഏറ്റവും ഫലപ്രദമായിട്ടുള്ള നടപടികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്തിട്ടുണ്ട്. കൃഷിവകുപ്പ് സംസ്ഥാനം സ്വയം പര്യാപ്തതയിലേക്ക് പോകുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചു. എന്തായാലും ഗവൺമെന്റ് വളരെ ഇഫക്ടീവായ ഇതിന്റെ നടപടികളുമായി മുന്നോട്ടുപോകും എന്നൊരു പശ്ചാതലത്തിൽ പ്രത്യേകമായി ഒരു പ്രമേയം കൊണ്ടുവരേണ്ട ആവശ്യമില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ......(മൈക്ക് ഓഫ്)... സംസ്ഥാന ഗവൺമെന്റ് ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കുക എന്നതാണ് ....(മൈക്ക് ഓഫ്)..... ഗവൺമെന്റിന്റെ ഉദ്ദേശം. അതിനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്. അതുകൊണ്ട് ഒരു പ്രമേയത്തിന്റെ ആവശ്യമില്ല.

<u>മി. സ്പീക്കർ</u> : ശ്രീമതി ഇ.എസ്. ബിജിമോൾ, പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീമിതി ഇ. എസ്. ബിജിമോൾ</u> : സർ, പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u> : പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

<u>സമൂഹ മാധ്യമങ്ങളുടെ ദുരുപയോഗം</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> " സമൂഹമാധ്യമങ്ങൾ ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഫെയ്സ്ബുക്ക്, ട്വിറ്റർ, വാട്സ് ആപ്പ് തുടങ്ങി നിരവധി സമൂഹമാധ്യമങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും നിലവിലുണ്ട്. എന്നാൽ ഇവയുടെ ദുരുപയോഗം കൂടിവരികയാണ്. സൈബർ കുറ്റകൃത്യങ്ങളും ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് മുതലായ സമൂഹമാധ്യമങ്ങളിലൂടെ വ്യക്തിപരവും മതപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങളും ഇപ്പോൾ വ്യാപകമാണ്. ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിരവധി കേസുകളാണ് രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ ചില കേസുകൾ അതീവ ഗുരുതരമായ കേസുകളാണ്. സമൂഹ മാധ്യമങ്ങളിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്തുകയും സമൂഹത്തിന് മുന്നിൽ അപഹാസ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം മാധ്യമങ്ങളിലൂടെ ചതിക്കപ്പെടുന്ന വീട്ടമ്മമാരുടെയും വിദ്യാർത്ഥിനികളുടെയും എണ്ണം കൂടിവരികയാണ്.

ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുവാനും അപകീർത്തികരവും രാജ്യദ്രോഹപരവും ആയ പ്രസ്താവനകളും പോസ്റ്റുകളും ഉപയോഗിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ഉതകുംവിധം ശക്തമായ ഒരു പുതിയ സൈബർ നയം ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു.”

സൈബർ മാധ്യമങ്ങൾ ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തി തട്ടിപ്പുകളും ഫെയ്സ് ബുക്ക്, വാട്ട്സ്അപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തിപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങൾ ഇപ്പോൾ വ്യാപകമാണ്. ഫെയ്സ് ബുക്ക് വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗവുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ ചില കേസ്സുകൾ അതീവ ഗുരുതരമായ കേസ്സുകളാണ്. ഈ സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്തുകയും സമൂഹത്തിനുമുന്നിൽ അപഹാസ്യരാക്കി മാറ്റുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം മാധ്യമങ്ങളിലൂടെ ചതിക്കപ്പെടുന്നത് കൂടുതലും സ്ത്രീകളാണ്. ചതിക്കപ്പെടുന്ന വീട്ടമ്മമാരുടെയും

വിദ്യാർത്ഥികളുടെയും എണ്ണം ഓരോ ദിവസവും കൂടി വരികയാണ്. ഈ നവമാധ്യമങ്ങൾക്ക് നമ്മളാരും ഒരിക്കലും എതിരല്ല. ആധുനിക ലോകത്തിൽ ഇതു വളരെ അത്യാവശ്യംതന്നെയാണ്. എന്നാൽ ഇത് ദുരുപയോഗം ചെയ്യുന്നവരെ നിയന്ത്രിക്കുവാനും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും ചെയ്തില്ലെങ്കിൽ ഗുരുതരമായ ഭവിഷത്തുക്കളായിരിക്കും ഉണ്ടാകാൻ പോകുന്നത്. സ്ത്രീകളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷയും സോഷ്യൽ മീഡിയാ രംഗത്തെ പ്രശ്നമാണ്. യു ട്യൂബിലും വാർട്സ് ആപ്പിലും ട്വിറ്ററിലും ഫേയ്സ്ബുക്കിലും ഉൾപ്പെടെ പ്രസിദ്ധീകരിക്കുന്ന പലതും പലരുടെയും സ്വകാര്യതയെ ഉലയ്ക്കുന്നതും ധാർമ്മികതയെയും സമൂഹ വ്യവസ്ഥയെയും തകർക്കുന്നതുമാണ്. ലൈംഗിക അരാജകത്വം സൃഷ്ടിക്കുന്നവയാണ്. അനിമേഷനും വെട്ടിമാറ്റലും കൂട്ടിച്ചേർക്കലും കൃത്രിമം സൃഷ്ടിലുംവഴി ആരെയും എങ്ങനെയും ചിത്രീകരിക്കാവുന്നത് ദുരന്തമാകുന്നുണ്ട്. വളരെയേറെ സാമ്പത്തിക കുറ്റകൃത്യങ്ങളും സോഷ്യൽ മീഡിയവഴി നടന്നുവരുന്നുണ്ട്. 6.6.2014-ൽ ഒരു പ്രധാന പത്രത്തിൽ വന്ന തലക്കെട്ട് 'ഫേയ്സുബുക്കിലെ അടുപ്പം ഒരു യുവതിക്ക് നഷ്ടം 26 ലക്ഷവും കുടുംബജീവിതവും' എന്നാണ്. യു.എസും, ജപ്പാനും കഴിഞ്ഞാൽ ലോകത്ത് ഏറ്റവും അധികം ആളുകൾ ഓൺ ലൈൻ, മൊബൈൽ ബാങ്കിംഗ് തട്ടിപ്പുകൾക്ക് ഇരയാകുന്നത് ഇന്ത്യ ആണെന്ന്

ജപ്പാനീസ് കമ്പ്യൂട്ടർ സുരക്ഷാ സ്ഥാപനമായ ടെൻ മൈക്രോ പറയുന്നു. ഇവിടുത്തെ ഓൺ ലൈൻ മാധ്യമങ്ങൾ ഇന്ന് സത്യസന്ധവും വസ്തുനിഷ്ഠവുമായ വാർത്തകൾ അതിവേഗത്തിൽ വായനക്കാരുടെ മുമ്പിൽ എത്തിക്കുവാനും ജേർണലിസത്തെ ശക്തിപ്പെടുത്തുവാനും അത്യന്താപേക്ഷിതമാണ്. നല്ല വാർത്തകൾ, സത്യസന്ധമായ വാർത്തകൾ കൊടുക്കുന്നവരെ നമുക്ക് പ്രോത്സാഹിപ്പിക്കണം. എന്നാൽ ചില വ്യക്തികൾ മന:പൂർവ്വം സമൂഹമദ്ധ്യത്തിൽ അപമാനിക്കുവാനും അപകീർത്തിപ്പെടുത്തുവാനും വേണ്ടി മാത്രം ഓൺലൈൻ പത്രം എന്ന പേരിൽ തുടങ്ങി വ്യക്തിഹത്യ നടത്തുന്നതായി നമുക്ക് കാണുവാൻ കഴിയുന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഓൺലൈൻ എപ്പോൾ വേണമെങ്കിലും തുടങ്ങാവുന്നതാണ്. സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ ദുരുപയോഗവും സൈബർ കുറ്റകൃത്യങ്ങൾ തടയുവാനും അപകീർത്തികരവും രാജ്യദ്രോഹപരവുമായ പ്രസ്താവനകളും പോസ്റ്ററുകളും ഉപയോഗിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ ഉതകുംവിധം ശക്തമായ ഒരു പുതിയ സൈബർ നയം ഉണ്ടാക്കണമെന്ന് ഈ സഭ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ. റ്റി. വി. രാജേഷ്, ദേദഗതി മാത്രം അവതരിപ്പിച്ചാൽ മതി.

പ്രസംഗിക്കാൻ പറ്റില്ല.

ശ്രീ. റ്റി .വി. രാജേഷ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

4. ആദ്യഖണ്ഡികയിലെ അവസാന ഭാഗത്ത്, " അപര്യാപ്തമാണ്" എന്ന വാക്കിനുശേഷം "എന്നാൽ അതിരൂക്ഷമായ വിലക്കയറ്റം, ഭക്ഷ്യസുരക്ഷ ഇല്ലായ്മ, കാർഷിക മത്സ്യമേഖലകളിലെ പ്രതിസന്ധി, ദേശീയ തൊഴിലുറപ്പ് പദ്ധതി നേരിടുന്ന തകർച്ചാഭീഷണി, സർവ്വവ്യാപിയായ അഴിമതി, വിദ്യാഭ്യാസ കച്ചവടം, മന്ത്രിമാരുടെ അധികാര ദുർവിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളുടെ പ്രതികരണങ്ങൾ ഉയർത്തുന്നതിലും, ഭരണാധികാരികളുടെ കണ്ണ് തുറപ്പിക്കുന്നതിലും സാമൂഹ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ഒട്ടും കുറച്ചു കണ്ടുകൂടാത്തതുകമാണ്." എന്നത് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ :സർ, ഈ പ്രമേയത്തെ പിന്താങ്ങുകയാണ്.

സൈബർ സ്പേയ്സ് എന്നുപറയുന്നത് ഇന്ന് നമ്മുടെ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്. ഇവിട ശ്രീ. വി.പി. സജീന്ദ്രൻ കൊണ്ടുവന്നത് വളരെ പ്രസക്തമായ ഒരു വിഷയമാണ്. സാമൂഹ്യരംഗത്ത് ഇന്ന് സോഷ്യൽ മീഡിയ ഉണ്ടാക്കുന്ന ഇംപാക്റ്റ്, സുപ്രീം കോടതിയുടെ വളരെ സുപ്രസിദ്ധമായ ഒരു വിധി,

പലപ്പോഴും ഇതിന്റെ ഒരു നെഗറ്റീവ് സൈഡ് നമുക്ക് സമൂഹത്തിന്റെ മുന്നിലോ നിയമത്തിന്റെ മുന്നിലോ കൊണ്ടുവരാൻ സാധിക്കാത്ത രീതിയിലായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ ആഭ്യന്തരവകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും ഇന്ന് അത് തുടങ്ങാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. തിരുവനന്തപുരം ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് ഒരു 'സൈബർഡോം' ആഭ്യന്തരവകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളത്തെ ഇൻഫോപാർക്കിൽ ഒരു സൈബർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പക്ഷേ, നമ്മുടെ ഒഫീഷ്യൽസ് പ്രത്യേകിച്ച് നമ്മുടെ ആഭ്യന്തരവകുപ്പിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഇതിന്റെ അവയർനെസ് കുറവാണ്. ഒന്ന്, ഈ നിയമത്തെക്കുറിച്ച് സൈബർ നിയമത്തെക്കുറിച്ചുള്ള വലിയ ഒരു പ്ലാറ്റ്ഫോം നമുക്ക് സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഡേ ടു ഡേ ലൈഫിൽ സൈബർ നിയമത്തിന്റെ ഇംപാക്റ്റ് എന്താണെന്നും അതിന് ട്രെയിനിംഗ് നൽകാൻ, ഇതിനെ കണ്ടുപ്പിടിക്കാൻ,.. ഫേയ്സ് ബുക്കും വാർട്സ് ആപ്പും പോലുള്ള സോഷ്യൽ മീഡിയ നമുക്ക് ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നായി മാറിയിരിക്കുകയാണ്. അതിൽ വരുന്ന ഇംപാക്റ്റ് എങ്ങനെ തടയാൻ സാധിക്കുമെന്നും എങ്ങനെയാണ് കേസ് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതെന്നും മനസ്സിലാക്കേണ്ടതുണ്ട്. പലപ്പോഴും

കേസുമായി പോകുമ്പോൾ പോലീസുദ്യോഗസ്ഥർക്ക് കേസ് എടുക്കുന്നതിനെക്കുറിച്ച് അറിയില്ല. അവർക്ക് പ്രോപ്പർ ട്രെയിനിംഗില്ല.

ശ്രീ. വി. റ്റി. ബൽറാം: സർ, സോഷ്യൽ മിഡിയയിലൂടെ ഇപ്പോൾ കേരളത്തെ മൊത്തത്തിൽ അപമാനിക്കുന്ന തരത്തിലുള്ള ഒരു കാമ്പയിൻ നടന്നുവരുന്നത് താങ്കളുടെ ശ്രദ്ധ്യയിൽപ്പെട്ടിട്ടുണ്ടോ? നമ്മൾ എല്ലാവരും ഒരു പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വിഷനായ്ക്കളെ, സാധാരണക്കാരുടെ ജീവിതത്തെ ബാധകമാകുന്ന വിഷനായ്ക്കളെ മാത്രം തെരഞ്ഞുപിടിച്ച് നശിപ്പിക്കാനുള്ള ഒരു തീരുമാനമെടുത്തത്. ഇതിന്റെ പേരിൽ അന്യ സംസ്ഥാന മാഫിയകൾ കേരളത്തിന്റെ മൊത്തത്തിലുള്ള സാധ്യതകളെ തകർക്കുന്ന തരത്തിൽ, കേരളത്തിലെ ടൂറിസം രംഗത്തെ തകർക്കുന്ന തരത്തിൽ 'ക്രൂവൽ കേരള' എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള ഒരു ഹാഷ് ടാഗ് വച്ചുകൊണ്ട് കേരളത്തെ അപമാനിക്കുന്നതിനുവേണ്ടി നടത്തികൊണ്ടിരിക്കുന്ന ഈ പ്രവർത്തനം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, സോഷ്യൽ മീഡിയായിൽ എന്തഭിപ്രായവും പറയാം. അതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാനോ അതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി എടുക്കാൻ

കഴിയാത്തവിധത്തിൽ കോടതി വിധിയുണ്ടായി എന്നുള്ള വലിയ ഒരു സാഹചര്യവും ഇപ്പാൾ നിലവിലുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഹൈബി ഈഡൻ : സർ, ഇപ്പോൾ സുപ്രീംകോടതിയുടെ വിധി വളരെ പ്രസക്തമാണ്. ശ്രീ. വി.ടി. ബൽറാം ചൂണ്ടിക്കാട്ടിയതുപോലെ രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളത്തെ മുഴുവൻ കേരളത്തിന്റെ ടൂറിസത്തെ മാത്രമല്ല കേരളത്തിന്റെ എല്ലാ പ്രോസ്പെക്ടസിനെയും തകർക്കുന്ന തരത്തിലുള്ള ഒരുവലിയ സാമൂഹ്യവിപത്ത് നടക്കുകയാണ്. ലോകം മുഴുവൻ, നമ്മുടെ ടൂറിസം ബ്രാന്റ് അംബാസിഡർമാർ ആകാൻ പോകുന്നവർക്കുവരെ മെയിൽ പോകുകയാണ്. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഹൈബി ഈഡൻ, അങ്ങേയ്ക്ക് ഈ പ്രസംഗം അടുത്ത ദിവസം തുടരാവുന്നതാണ്.

ഓർഡർ......ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 27 -ാം തീയതി രാവിലെ 8.30 മണിക്ക് സമ്മേളിക്കുന്നതിനായി സഭ 12.30 മണിക്ക് പിരിഞ്ഞു.)

***************